3. ഏസ്യാ ബ്രൗൺ ബ്രോവറി ലിമിറ്റഡ്, ചെന്നൈ (എ.സി.ബി)

4. ആൽസ്തോം ഹൈഡ്രോളിക്സ് എസ്.എ., ഫ്രാൻസ് (ഗാമൻ ഇന്ത്യാ ലിമിറ്റഡ്, ബോംബെ എന്ന ഫേമും കൂടി)

5. ഇ.സി.ഐ. പവർ ആന്റ് ആഗ്രോ ലിമിറ്റഡ് (സ്കോലാ എക്സ്പോർട്ട് (ചെക്ക് റിപ്പബ്ലിക്) പൗലോസ് നെച്ചുപ്പാടം, കൊച്ചി, നാഷണൽ പ്രോജക്ട്സ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, ചെന്നൈ ഭഗീരഥ ഇലക്ട്രിക്കൽസ് ആന്റ് സ്ട്രെക്ചറൽ, കൊച്ചി. ശ്രീ. ശരവണാ എന്റർപ്രൈസസ്, മധുര മുതലായ ഫേമുകളും കൂടി)

6. വെള്ളാപ്പള്ളി ആന്റ് അസോസിയേറ്റ്സ്, കോട്ടയം.

7. ചൈന നാഷണൽ വാട്ടർ റിസോഴ്സസ് ആന്റ് ഹൈഡ്രോ പവർ എഞ്ചിനീയറിംഗ് കോർപ്പറേഷൻ, ചൈന.

(ചൈന നാഷണൽ മെഷിനറി ആന്റ് എക്യുപ്മെന്റ് ഇമ്പോർട്ട് ആന്റ് എക്സ്പോർട്ട് കോർപ്പറേഷൻ, ചൈന എന്ന ഫേമുമായി ജോയിന്റ് വെൻച്വർ ഉള്ളത്.)

8. ഹിന്ദുസ്ഥാൻ സ്റ്റീൽ കൺസ്ട്രക്ഷൻ വർക്സ്, കൊൽക്കത്ത.

ഇവയിൽ യോഗ്യരായി കണ്ട താഴെപ്പറയുന്ന കരാറുകാർക്ക് ദർഘാസുകൾ നൽകിയിട്ടുണ്ട്.

1. മെസ്സേഴ്സ് ആൽസ്തോം ഹൈഡ്രോളിക്സ് എസ്.എ.(ഫ്രാൻസ്). ഗാമൻ ഇന്ത്യാ ലിമിറ്റഡ്, ബോംബെ എന്ന ഫേമും കൂടി).

2. മെസ്സേഴ്സ് ബാൾഫർ ബിയാറ്റി ലിമിറ്റഡ്, യു.കെ.

3. മെസ്സേഴ്സ് എച്ച്. സി. സി. ലിമിറ്റഡ്, ഭാരത് ഹെവി (ഇലക്ട്രിക്കൽസ് ലിമിറ്റഡ് എന്ന ഫേമും കൂടി)

4. ചൈന നാഷണൽ വാട്ടർ റിസോഴ്സസ് ആന്റ് ഹൈഡ്രോ പവർ എഞ്ചിനീയറിംഗ് കോർപ്പറേഷൻ, ചൈന. (ചൈന നാഷണൽ മെഷിനറി ആന്റ് എക്യുപ്മെന്റ് ഇംമ്പോർട്ട് ആന്റ് എക്സ്പോർട്ട് കോർപ്പറേഷൻ, ചൈന എന്ന ഫേമും കൂടി) തുക അറിയിച്ചു കൊണ്ടുള്ള ക്വട്ടേഷൻ ഇതുവരെ ലഭിച്ചിട്ടില്ല.

(എച്ച്) കരാർ നിലവിലില്ല.

(ഐ-കെ) പ്രസക്തമല്ല.

ലേബർ ബാങ്കിന്റെ രൂപീകരണം

28 (*358) ശ്രീമതി എൻ. കെ. രാധ :
ശ്രീ. പി. വിശ്വൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. എം. എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) നിർദ്ദിഷ്ട ലേബർ ബാങ്കിന്റെ രൂപീകരണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ തൊഴിലാളികൾക്ക് ലേബർ ബാങ്ക് മുഖേന സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിന് പദ്ധതിയുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് ലേബർ ബാങ്കിന്റെ പ്രവർത്തനത്തിനാവശ്യമായ നിക്ഷേപം എപ്രകാരം സ്വരൂപിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) നിയമസഭയിൽ നേരത്തെ പ്രഖ്യാപിച്ച "ലേബർ അജണ്ട 2000" ലെ ഒരു പ്രധാന ഇനമാണ് ലേബർ ബാങ്കിന്റെ രൂപീകരണം. ലേബർ ബാങ്കിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ലേബർ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് തയ്യാറായി. റിസർവ്വുബാങ്കുമായുള്ള ചർച്ച നടന്നുവരുന്നു.

(ബി) തൊഴിലാളികളെ സ്വകാര്യപണമിടപാടുകാരും മറ്റും ചൂഷണം ചെയ്യുന്നത് ഒരു പരിധിവരെയെങ്കിലും തടയാനും അവരെ കടക്കെണിയിൽ നിന്നും മോചിപ്പിക്കുവാനും ഉദ്ദേശിച്ചുകൊണ്ടാണ് ലേബർ ബാങ്ക് രൂപീകരിക്കാൻ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

(സി) സംസ്ഥാനത്തെ തൊഴിലാളികൾക്ക് ലേബർ ബാങ്ക് മുഖേന സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിന് പദ്ധതിയുണ്ട്. ഏതൊക്കെ രീതിയിലുള്ള സാമ്പത്തിക സഹായങ്ങളാണ് നൽകേണ്ടതെന്നതിനെക്കുറിച്ച് അന്തിമ തീരുമാനമായിട്ടില്ല.

(ഡി) ലേബർ ബാങ്കിന്റെ പ്രവർത്തനത്തിനാവശ്യമായ നിക്ഷേപം സ്വരൂപിക്കുന്നതു സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

ജലസേചനവകുപ്പിന് പൊതുനിയമം

29 (*359) ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചനവകുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ എന്തെല്ലാമാണ് ; ഇത് സംബന്ധിച്ച് ഒരു പൊതുനിയമം കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പൊതു നിയമം കൊണ്ടുവരുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly